ശ്രീ. എ. എ. റഹിം : ചില പ്രത്യേക രംഗങ്ങളിൽ, വിദഗ്ദ്ധന്മാരായ ഓണറി സംപ്രദായത്തിൽ നിയമിക്കുന്നതു് തെറ്റല്ല.

ശ്രീ. എം. വി. ചെറിയാൻ : ഓണറി സംപ്രദായം നിറുത്തൽ ചെയ്യുമെന്നും അതു് ഡിപ്പാർട്ടുമെന്റിനു വളരെ പ്രയോജനകരമാണെന്നും ഇവിടത്തെ പ്രമുഖ പത്രങ്ങൾ മുഖപ്രസംഗങ്ങൾ എഴുതിയിട്ടില്ലേ?

ശ്രീ. എ. എ. റഹിം : വിദഗ്ദ്ധന്മാരായ ഡാക്ടർമാരുടെ സേവനം ലഭിക്കുന്നതിനു് ഓണറി സംപ്രദായം ആവശ്യമാണെന്നാണു് പറഞ്ഞതു്.

ശ്രീ. ജെ. എ. ഭട്ടു് : ഈ സംപ്രദായം വിദഗ്ദ്ധന്മാരായ ഡാക്ടർമാക്കു പരിശീലനം നൽകാൻ സഹായകമാവുകയില്ലേ?

ശ്രീ. എ. എ. റഹിം : ഡാക്ടർമാക്കു പരിശീലനം നൽകാൻ ആശുപത്രികൾ കൊടുക്കുമെന്നില്ല.

ശ്രീ. എം. വി. ചെറിയാൻ : ഡാക്ടർമാർ പരിശീലനം നടത്തിയിട്ടാണു വിദഗ്ദ്ധന്മാരായ ഡാക്ടർമാരാകുന്നതെന്നറിയാമോ?

ശ്രീ. എ. എ. റഹിം : സ്വന്തമായി നഴ്സിംഗ് ഹോം സ്ഥാപിച്ചു പരിശീലനം നടത്തുന്നവരാണെന്നറിയാം.

ശ്രീ. കെ. പി. ഹാർമിസ് : ഓണറി സംപ്രദായം സ്വീകരിച്ചതിൽ ഇവിടെയും മദ്രാസിലും എന്താണു വ്യത്യാസമായിട്ടുള്ളതു്?

ശ്രീ. എ. എ. റഹിം : മദ്രാസിലെ സംപ്രദായത്തെ അടിസ്ഥാനമാക്കിയാണു് ഇവിടെയും നടപ്പിലാക്കിയിരിക്കുന്നതു്.

ശ്രീ. കെ. പി. ഹാർമിസ് : അങ്ങിനെയാണെങ്കിൽ അവിടെ ഇതു ഉപകാരപ്രദമായിട്ടോ, അപകടകരമായിട്ടോ കണ്ടുവരുന്നതു്?

ശ്രീ. എ. എ. റഹിം : ഇവിടെ ഈ സിസ്റ്റം അപകടമാണെന്നു പറഞ്ഞില്ല.

ശ്രീ. എം. വി. ചെറിയാൻ : ഓണറി സിസ്റ്റംമൂലം ഡിസിപ്ലിൻ പാലിക്കാൻ സാധിക്കുന്നില്ലെന്നു പറഞ്ഞതിനു ഒരു ഉദാഹരണം പറയാമോ?

ശ്രീ. എ. എ. റഹിം : ചില ആശുപത്രികളിൽ ശരിയായ സമയത്തു ഓണറി ഡാക്ടർമാർ ഹാജരാകുന്നില്ലെന്നു പരാതിയുണ്ടായിട്ടുണ്ടു്.

ശ്രീ. കെ. പി. ഹാർമിസ് : അവരുടെ സേവനം ആവശ്യപ്പെടുന്നതുതന്നെ ആ വ്യവസ്ഥയിലല്ലേ?

ശ്രീ. എ. എ. റഹിം : അങ്ങനെയാണു തീരുമാനിച്ചിരിക്കുന്നതു്.

ഫീൽഡാഫീസറന്മാർ.

* 702. [12] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക സമുദായോന്നമനവകുപ്പിൽ ആകെ എത്ര ഫീൽഡാഫീസറന്മാരുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പണാപഹരണത്തിനും, കള്ള ചെല്ലാൻ അടച്ചു എന്ന കാരണത്താലും, എത്ര പേരെ ശിക്ഷിച്ചിട്ടുണ്ട്;

(സി) നെടുമങ്ങാട് ഫീ ഡാഫീസർ ആയിരുന്ന ആളെ കുറിച്ചുള്ള പരാതികൾ എന്തെല്ലാം?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പിന്നാക്ക സമുദായോന്നമനവകുപ്പിൽ ആകെ 12 ഫീൽഡാഫീസർമാരുണ്ട്.

(ബി) താൽക്കാലിക പണാപഹരണത്തിനും, കാഷ്ബുക്കിൽ തെറ്റായി രേഖപ്പെടുത്തിയതിനും ഒരു ഫീൽഡാഫീസറെ ശിക്ഷിച്ചിട്ടുണ്ട്.

(സി) നെടുമങ്ങാട് ഫീൽഡാഫീസറായിരുന്ന, ശ്രീ. കെ. വാസുദേവന്റെ പേരിലുള്ള പരാതികൾ താൽക്കാലിക പണാപഹരണം, കാഷ്ബുക്കിൽ തെറ്റായി രേഖപ്പെടുത്തൽ ഇവയായിരുന്നു.

ശ്രീ. പി. കുഞ്ഞൻ: ശിക്ഷ എന്തായിരുന്നു?

ശ്രീ. കെ. കൊച്ചുകുട്ടൻ: ആറുമാസത്തെ സസ്പെൻഷൻ.

പൊതുജനാരോഗ്യവകുപ്പിലേയ്ക്ക് ഗ്രാൻറ്

* 703. [13] ശ്രീ. ആർ. പ്രകാശം: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) പൊതുജനാരോഗ്യവകുപ്പിലെ പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിൽനിന്നും എന്തെങ്കിലും തുക ഗ്രാന്റായോ മറ്റു പ്രകാരത്തിലോ ഗവണ്മെന്റിനു ലഭിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ 1953–54, 54–55, 55–56, എന്നീ വർഷങ്ങളിൽ ഏതെല്ലാം ഇനത്തിൽ എത്ര രൂപ അനുവദിച്ചു, എത്ര രൂപ പ്രയോജനപ്പെടുത്തി?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം):

(എ) പൊതുജനാരോഗ്യവകുപ്പിലെ പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിൽനിന്നും ഗ്രാൻറ് ലഭിച്ചിട്ടുണ്ട്.

(ബി) വിവരമടങ്ങിയ † സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വെച്ചിട്ടുണ്ട്.

ശ്രീ. ആർ. പ്രകാശം: ഈ തുകയിൽ ഒരു വലിയ ഭാഗം ലാപ്സായിപ്പോയിട്ടില്ലേ?

ശ്രീ. എ. എ. റഹീം: ഡാട്ടർസൈ തുടങ്ങിയ ഇനങ്ങളിലായി ചില പ്രവർത്തനങ്ങൾക്കു കൊള്ളിച്ചിരുന്ന തുക, ശരിയായ പരിശീലനം ലഭിച്ച എൻജിനീയർമാരുടെ കുറവുകൊണ്ടു വേണ്ടപോലെ ചെലവുചെയ്യാൻ സാധിച്ചിട്ടില്ല. പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി കുറെയൊക്കെ ചെലവുചെയ്യാൻ സാധിക്കും.

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly